# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1067 | 14.01.2021 – ൽ മറുപടിക്ക്

## കേരളത്തിലെ ഇ.എസ്.ഐ ആശുപത്രികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | കേരളത്തിൽ എത്ര ഇ.എസ്.ഐ ആശുപത്രികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ 12 ഇ.എസ്.ഐ ആശുപത്രികൾ നിലവിലുണ്ട്. ഇതിൽ 9 എണ്ണം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലും 3 എണ്ണം ഇ.എസ്.ഐ കോർപ്പറേഷന്റെ നിയന്ത്രണത്തിലുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇ.എസ്.ഐ ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ ഏർപ്പെടുത്തിയിട്ടുള്ള ബദൽ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇ.എസ്.ഐ ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിനായി സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികൾ നിലവിലില്ലാത്ത ഇടുക്കി, വയനാട് ജില്ലകളിലെ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് നിലവിൽ സമീപ ജില്ലകളിലെ എംപാനൽഡ് ആശുപത്രികൾ വഴി ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ അടിയന്തിരഘട്ടങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയിട്ട് സമർപ്പിക്കുന്ന ബില്ലുകളിൽ ചട്ടപ്രകാരം അനുവദനീയമായ തുക റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നുണ്ട്. |
| (സി) | ഇ.എസ്.ഐ ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്ന ചികിത്സകൾ എന്തൊക്കെയാണെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും | (സി) | പ്രൈമറി തലത്തിലുള്ള ചികിത്സ ലഭ്യമാകുന്ന ഇ.എസ്.ഐ ഡിസ്പെൻസറികളിൽ നിന്നും തുടർ ചികിത്സയ്ക്ക് റഫർ ചെയ്തു വരുന്ന സെക്കൻഡറി തലത്തിലുള്ള ചികിത്സകളാണ് ഇ.എസ്.ഐ ആശുപത്രികളിൽ നിന്നും ലഭ്യമാകുന്നത്. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | ഡിസ്പെൻസറിയിൽ നിന്നുള്ള റഫറൻസും ഇ.എസ്.ഐ കോർപ്പറേഷൻ നൽകുന്ന ഇ-പെഹ്ചാൻ കാർഡും ആണ് ആശുപത്രി ചികിത്സയ്ക്ക് ആവശ്യമായത്. |
| (ഡി) | ഇ.എസ്.ഐ ആശുപത്രികൾ ഇല്ലാത്ത എല്ലാ ജില്ലകളിലും ബദൽ സംവിധാനങ്ങൾ ഉണ്ടോ എന്നും ആശുപത്രികളിൽ നിന്ന് കിട്ടുന്ന ചികിത്സകൾ ബദൽ സംവിധാനങ്ങൾ വഴിയും ലഭിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ? | (ഡി) | ഇ.എസ്.ഐ ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിനായി സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികൾ നിലവിലില്ലാത്ത ഇടുക്കി, വയനാട് ഒഴികെ ബാക്കി ജില്ലകളിൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് നിലവിൽ സമീപ ജില്ലകളിലെ എംപാനൽഡ് ആശുപത്രികൾ വഴി ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ അടിയന്തിരഘട്ടങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയിട്ട് സമർപ്പിക്കുന്ന ബില്ലുകളിൽ ചട്ടപ്രകാരം അനുവദനീയമായ തുക റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നുണ്ട്. നിലവിലുള്ള ബദൽ സംവിധാനങ്ങൾ കാര്യക്ഷമമാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളവ**

| ക്രമ നം. | ജില്ല | ആശുപത്രി |
|---|---|---|
| 1 | തിരുവനന്തപുരം | പേരൂർക്കട |
| 2 | കോട്ടയം | വടവാതൂർ |
| 3 | ആലപ്പുഴ | ആലപ്പുഴ |
| 4 | എറണാകുളം | എറണാകുളം |
| 5 | തൃശ്ശൂർ | 1) മുളങ്കുന്നത്തുകാവ് 2) ഒളരിക്കര |
| 6 | പാലക്കാട് | പാലക്കാട് |
| 7 | കോഴിക്കോട് | ഫെറോക്ക് |
| 8 | കണ്ണൂർ | തോട്ടട |

**ഇ.എസ്.ഐ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ളവ**

| ക്രമ നം. | ജില്ല | ആശുപത്രി |
|---|---|---|
| 1 | കൊല്ലം | 1) ആശ്രാമം 2) എഴുകോൺ |
| 2 | എറണാകുളം | ഉദ്യോഗമണ്ഡൽ |

സെക്ഷൻ ഓഫീസർ